**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5294** **02-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മണ്ഡലത്തിലെ കളിസ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ, എയ്ഡഡ് സ്കൂളുകളുടെയും കീഴിലുള്ള കളിസ്ഥലങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഫണ്ട് അനുവദിക്കുമോ; | (എ) | കാസർഗോഡ് നിയോജക മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാർ എയ്ഡഡ് സ്കൂളുകളുടെയും കീഴിലുള്ള കളിസ്ഥലങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കളിസ്ഥലങ്ങളിൽ ആധുനിക സ്റ്റേഡിയം നിർമ്മിക്കാൻ പര്യാപ്തമായത് ഏതാണെന്ന് വ്യക്തമാക്കാമോ; അതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ആധുനിക സ്റ്റേഡിയം നിർമ്മിക്കുവാൻ പര്യാപ്തമായവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയ്ക്കായി വിശദമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എമാർ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം | ഗ്രാമപഞ്ചായത്തിന്റെ പേര് | സ്റ്റേഡിയത്തിന്റെ പേര് |
|---|---|---|
| 1) | ബദിയടുക്ക | • ബോലുകട്ട സ്റ്റേഡിയം<br>• എൻ.എച്ച്.എസ്.പെർഡാല |
| 2) | ബെള്ളൂർ | • ജി.എൽ.പി.എസ് നെട്ടണിഗെ |
| 3) | ചെങ്കള | • മിനി സ്റ്റേഡിയം, ചെർക്കള<br>• മിനി സ്റ്റേഡിയം, നായന്മാർമൂല |
| 4) | കാറടുക്ക | • പൂവടുക്ക സ്റ്റേഡിയം<br>• ജി.വി.എച്ച്.എസ്.എസ് മുള്ളേരിയ<br>• ജി.വി.എച്ച്.എസ്.എസ് കാറടുക്ക |
| 5) | മധൂർ | • ഗട്ടി സ്റ്റേഡിയം<br>• ജി.എച്ച്.എസ്.എസ്.പട്ല |
| 6) | മൊഗ്രാൽ പുത്തൂർ | • കമ്പാർ മിനി സ്റ്റേഡിയം<br>• ജി.യു.പി.എസ്. മൊഗ്രാൽ പുത്തൂർ |

S.O